സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 264 2025 ഫെബ്രുവരി 15 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

അമ്മയുടെ തോളിൽ കിടക്കുകയായിരുന്ന കുഞ്ഞിനെയടക്കം 7പേരെ കടിച്ച നായ ചത്ത നിലയിൽ

മലപ്പുറം: അമ്മയുടെ തോളിൽ കിടക്കുകയായിരുന്ന കുഞ്ഞിനെയടക്കം ഏഴുപേരെ കടിച്ച തെരുവുനായ ചത്ത നിലയിൽ. മലപ്പുറം പുത്തനങ്ങാടിയിൽ ഇന്നലെ വൈകിട്ട് അഞ്ചര മണിയോടെയാണ് സംഭവമുണ്ടായത്. പുത്തനങ്ങാടിക്ക് സമീപം മണ്ണംകുളത്താണ് നായയെ ചത്ത നിലയിൽ കണ്ടെത്തിയിരിക്കുന്നത്.അമ്മയുടെ തോളിൽ കിടന്ന കുഞ്ഞിനെ നായ ചാടിക്കടിക്കുകയായിരുന്നു. പിന്നാലെ പോകുന്ന വഴിയിൽ കണ്ടവരെയെല്ലാം കടിച്ചു. പുത്തനങ്ങാടി പെട്രോൾ പമ്പിന് സമീപത്തെ വീട്ടുമുറ്റത്തുവച്ചാണ് എല്ലാവർക്കും നായയുടെ കടിയേറ്റത്. മൂന്നുമാസം മാത്രം പ്രായമുള്ള കുഞ്ഞിനെ എംഇഎസ്ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

തരൂർ പുറത്തേക്കോ?

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പുകഴ്ത്തി കോൺഗ്രസ് നേതാവും എംപിയുമായ ശശി തരൂർ. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ പ്രശംസയ്ക്ക് പിന്നാലെയാണ് തരൂരിന്റെ വാക്കുകൾ സമൂഹമാധ്യമങ്ങളിൽ നിറയുന്നത്. 'മോദിയോട് വിലപേശൽ എളുപ്പമല്ല. അക്കാര്യത്തിൽ അദ്ദേഹം എന്നേക്കാളും കടുപ്പക്കാരനും മെച്ചപ്പെട്ടയാളുമാണ്' എന്നായിരുന്നു ട്രംപിന്റെ പുകഴ്ത്തൽ. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ട്രംപ് അങ്ങനെ ഇന്ത്യൻ പ്രധാനമന്ത്രിയെ കുറിച്ച് പറഞ്ഞുവെങ്കിൽ, അത് വെറുതെയാവില്ലെന്നായിരുന്നു തരൂരിന്റെ മറുപടി. ശുഭമായതെന്തോ സംഭവിച്ചിട്ടുണ്ടെന്നും തരൂർ കൂട്ടിച്ചേർത്തു.

'ഞങ്ങളുടെ ജനങ്ങളെ നിങ്ങൾക്ക് അപമാനിച്ചയയ്ക്കാൻ കഴിയില്ലെന്ന് അടച്ചിട്ട മുറിക്കുള്ളിൽ മോദി തീർച്ചയായും ട്രംപിനോട് പറഞ്ഞിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. അനധികൃതമായി കുടിയേറിയവരെ നിങ്ങൾക്ക് തിരികെ ഇന്ത്യയിലേക്ക് അയയ്ക്കാം, ഞങ്ങൾ അവരെ നോക്കും, അവർ ഞങ്ങളുടെ പൗരൻമാരാണ്. കൈയ്യിൽ വിലങ്ങും കാലിൽ ചങ്ങലയുമിട്ട് സൈനിക വിമാനത്തിൽ അവരെ അയയ്ക്കുന്നത് ശരിയല്ല' എന്ന് മോദി കൃത്യമായി പറഞ്ഞിട്ടുണ്ടാകുമെന്നാണ് താൻ കരുതുന്നത്. വാസ്തവം അറിയില്ലെന്നും തരൂർ പറഞ്ഞു.

താരിഫുകളെ കുറിച്ച് ചോദ്യമുയർന്നപ്പോൾ അക്കാര്യത്തിൽ കുറച്ച് കൂടി ഗൗരവമായ ചർച്ചകൾ ആവശ്യമാണെന്നും സെപ്റ്റംബർഒക്ടോബറോടെ താരിഫ് സംബന്ധിച്ച വിഷയത്തിൽ തീരുമാനമുണ്ടാകുമെന്നാണ് കരുതുന്നതെന്നും തരൂർ വെളിപ്പെടുത്തി. ഇന്ത്യക്ക് അനുകൂലമായ തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അല്ലെങ്കിൽ നമ്മുടെ കയറ്റുമതിയെ സാരമായി ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ട്രംപ്-മോദി കൂടിക്കാഴ്ചയുമായി ബന്ധപ്പെട്ട് പുറത്തുവരുന്നത് പ്രതീക്ഷയ്ക്ക് വകയുള്ള വാർത്തകളാണെന്നും തരൂർ കൂട്ടിച്ചേർത്തു. അതേസമയം ശശി തരൂരിന്റേത് അദ്ദേഹത്തിന്റെ അഭിപ്രായമാണെന്നും അത് പാർട്ടിയുടെ നിലപാടല്ലെന്നും കോൺഗ്രസ് നേതൃത്വം അറിയിച്ചു.

ഒരു ടേബിളിന്റെ അപ്പുറമിപ്പുറമിരുന്നാൽ തീരുന്ന കാര്യം

കൊച്ചി: സുരേഷ് കുമാർ - ആന്റണി പെരുമ്പാവൂർ വിഷയം ഒരു ടേബിളിന്റെ അപ്പുറമിപ്പുറമിരുന്നാൽ തീരുന്ന കാര്യമാണെന്ന് പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ ഭാരവാഹി ലിസ്റ്റിൻ സ്റ്റീഫൻ. സുരേഷ് കുമാർ സംഘടനയുടെ മുതിർന്ന അംഗമാണ്. അതുപോലെ ആന്റണി പെരുമ്പാവൂരും സംഘടനയ്ക്ക് വളരെ വേണ്ടപ്പെട്ട ആളാണ്. പെട്ടെന്നുണ്ടായ വികാരത്തിന്റെ പുറത്താണ് ആന്റണി ഫേസ്ബുക്കിൽ പോസ്റ്റിട്ടതെന്നും, സംഘടയ്ക്കുള്ളിൽ ഒരു തരത്തിലുള്ള ഭിന്നതയുമില്ലെന്നും വാർത്താ സമ്മേളനത്തിൽ ലിസ്റ്റിൻ വ്യക്തമാക്കി.കേരള സർക്കാരിന്റെ യടക്കം തിയേറ്ററുകളിൽ നിന്നുള്ള ഭീഷണിയെ അതിജീവിച്ചാണ് പ്രൊഡ്യൂസർമാർ മുന്നോട്ടു പോകുന്നത്. സർക്കാർ പ്രതിനിധി വിളിക്കുമ്പോൾ തിയേറ്റർ ഉടമകൾ അവർക്കാണ് പരിഗണന നൽകുന്നത്.

കേരളത്തിന്റെ തലയിൽ 'ഉപാധിവാൾ'; കാലാവധി നീട്ടിക്കിട്ടുന്ന കാര്യം അന്വേഷിക്കും: കെ.രാജൻ

തൃശ്ശൂർ: ഏത് സഹായവും ഏത് ലോണും സ്വീകരിക്കുന്ന അവസ്ഥയിലാണ് കേരളം ഇപ്പോഴുള്ളതെന്നും വയനാടിന് കേന്ദ്രം അനുവദിച്ച വായ്പാതുക ചെലവഴിക്കുന്ന കാര്യത്തിൽ കാലാവധി നീട്ടിക്കിട്ടുന്ന കാര്യം അന്വേഷിക്കുമെന്നും റവന്യൂമന്ത്രി കെ.രാജൻ. ഈ വർഷംതന്നെ ജനങ്ങളെ വീടുകളിലേക്ക് മാറ്റിപാർപ്പിക്കണമെന്ന നിലപാടാണ് സർക്കാരിനുള്ളത്. അതുകൊണ്ട് അനുവദിച്ച വായ്പാതുക എങ്ങനെ ചെലവഴിക്കണമെന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിലും വകുപ്പ് തലത്തിലും ചർച്ചനടത്തി മുന്നോട്ടുപോകുമെന്നും മന്ത്രി പറഞ്ഞു.

കേരളം ഇങ്ങനെയൊരു ദുരന്തത്തിൽപെട്ടതുകൊണ്ട് സംസ്ഥാനത്തോട് എന്തുനിലപാടുമെടുക്കാമെന്ന നയമാണ് കേന്ദ്രത്തിനുള്ളത്. നമുക്ക് മുൻ അനുഭവങ്ങളില്ല. അതുകൊണ്ട് ഇങ്ങനെ ലഭ്യമാക്കുന്ന തുക കേരളത്തിന്റെ കടംവാങ്ങൽ പരിധിയിൽ ഉൾപ്പെടുത്തുമോ എന്നൊന്നും അറിയില്ല. ചിലപ്പോൾ അങ്ങനെയൊരു ക്രൂരമായ നടപടി കേരളത്തോട് എടുത്തുകളയാം എന്ന് തീരുമാനിച്ചാൽ എന്തുചെയ്യും എന്നതാണ് പ്രശ്നം. ഇക്കാര്യമെല്ലാം പരിശോധിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

കേരളം പാപ്പരാണെന്ന് പ്രഖ്യാപിച്ചാൽ മാത്രമേ സഹായം ലഭ്യമാക്കൂവെന്ന് കേന്ദ്രമന്ത്രിതന്നെ വ്യക്തമാക്കിയതാണ്. ഇക്കാര്യത്തിലൂടെ ഏതാണ്ട് നിലപാട് വ്യക്തമാണ്. 529.50 കോടി രൂപ ഒരിക്കലും നമുക്ക് കേന്ദ്രം നൽകിയിട്ടുള്ള സമയത്തിനുള്ളിൽ ചെലവഴിച്ച് പൂർത്തീകരിക്കാനാവില്ല എന്നതാണ് യാഥാർഥ്യം. നിർമിക്കുന്നതിന്റെ ഉറപ്പെങ്കിലും നോക്കേണ്ടതുണ്ട്.

ദുരന്തബാധിതരുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നിർമിക്കുന്ന രണ്ട് ടൗൺഷിപ്പുകളിൽ പൊതുകെട്ടിടങ്ങൾ, ദുരന്തബാധിത പ്രദേശങ്ങളിലെ റോഡുകളുടേയും പാലങ്ങളുടേയും പുനർനിർമാണം, സ്കൂളുകളുടെ നിർമാണം തുങ്ങി 16 പദ്ധതികൾക്കാണ് തുക ചെലവഴിക്കാനാവുക. ഇവയ്ക്കെല്ലാം ചെലവഴിച്ച കണക്കാണ് മാർച്ച് 31-നുള്ളിൽ കാണിക്കേണ്ടത്. കഠിനമായ വാൾതന്നെയാണ് കേരളത്തിന്റെ തലയ്ക്ക് മുകളിൽ ഉപാധിയായി തൂങ്ങിയിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

സതീശനും മുരളീധരനും തരൂരിനെതിരെ

തിരു: പിണറായി സർക്കാരിന്റെ ഭരണത്തിൽ വ്യവസായ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങളെ പുകഴ്ത്തിയ ശശി തരൂർ എംപിയുടെ പ്രസ്താവനയോട് പ്രതികരിച്ച് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. കേരളം വ്യവസായ അനുകൂല സാഹചര്യമുള്ള സംസ്ഥാനമല്ലെന്നും എന്ത് സാഹചര്യത്തിലും കണക്കുകളുടെ അടിസ്ഥാനത്തിലുമാണ് ശശി തരൂർ ലേഖനമെഴുതിയതെന്ന് അറിയില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

ഇപ്പോൾ മികച്ച വ്യവസായ അന്തരീക്ഷമുള്ള സംസ്ഥാനമല്ല കേരളം. അത് മെച്ചപ്പെട്ട് വരേണ്ടതുണ്ട്. അതാഗ്രഹിക്കുന്നവരാണ് ഞങ്ങൾ. ശശി തരൂർ എന്ത് സാഹചര്യത്തിന്റെ പുറത്ത്, എന്ത് കണക്കുകളുടെ അടിസ്ഥാനത്തിലാണ് ആ ലേഖനമെഴുതിയതെന്ന് ഞങ്ങൾക്കറിയില്ല, വി.ഡി. സതീശൻ പറഞ്ഞു.

കേരളത്തിൽ കഴിഞ്ഞ മൂന്നരവർഷത്തിൽ പുതിയതായി മൂന്ന് ലക്ഷം സംരഭങ്ങൾ തുടങ്ങിയെന്നാണ് വ്യവസായ മന്ത്രി അവകാശപ്പെടുന്നത്. ഏതാണ് കേരളത്തിലെ മൂന്ന് ലക്ഷം സംരഭങ്ങളെന്ന് ഞാൻ അദ്ദേഹത്തോട് അത്ഭുതത്തോടെ ചോദിച്ചു. അങ്ങനെയെങ്കിൽ ഒരു മണ്ഡലത്തിൽ ശരാശരി രണ്ടായിരം സംരഭങ്ങൾ തുടങ്ങിയിട്ടുണ്ടാകില്ലേ, വി.ഡി. സതീശൻ ചോദിച്ചു.

വെള്ളിയാഴ്ച ഒരു ഇംഗ്ലീഷ് പത്രത്തിൽ പ്രസിദ്ധീകരിച്ച തരൂരിന്റെ ലേഖനത്തിലാണ് കേരളത്തിലെ വ്യവസായരംഗത്തെ അനുമോദിച്ചുള്ള പ്രതികരണം. കമ്യൂണിസ്റ്റ് പാർട്ടി നയിക്കുന്ന മുന്നണിയുടെ നേതൃത്വത്തിലുള്ള സർക്കാർ ഈ നേട്ടങ്ങൾ സൃഷ്ടിക്കുന്നത് ആശ്ചര്യകരമാണെന്നും സംരംഭകമുന്നേറ്റത്തിലും സുസ്ഥിര വളർച്ചയിലും കേരളം രാജ്യത്ത് വേറിട്ട മാതൃകയായി നിലകൊള്ളുകയാണെന്നുമാണ് ലേഖനത്തിൽ പറയുന്നുണ്ട്.

പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും രമേശ് ചെന്നിത്തലയും ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾ നിയമസഭയ്ക്കകത്തും പുറത്തും കേരളത്തിലെ ഭരണത്തെ നഖശിഖാന്തം എതിർക്കുമ്പോഴാണ് കോൺഗ്രസ് എം.പി.യുടെ പുകഴ്ത്തൽ. ഇതിൽ വിമർശനവുമായി കോൺഗ്രസ് നേതാവ് കെ. മുരളീധരനും രംഗത്തെത്തിയിട്ടുണ്ട്.

തരൂരിന്റെ പ്രസ്താവന സംബന്ധിച്ച് ദേശീയ നേതൃത്വം മറുപടി പറയണമെന്ന് കെ. മുരളീധരൻ ആവശ്യപ്പെട്ടു. തരൂർ പറഞ്ഞത് കേരളത്തിലെ കോൺഗ്രസിന്റെ നിലപാടല്ല. കേരളത്തിലെ കോൺഗ്രസുകാർക്ക് അംഗീകരിക്കാൻ പറ്റുന്ന നിലപാടല്ല തരൂരിന്റേത്. തരൂർ ദേശിയ നേതാവും വിശപൗരനും ആണ്. ഒരു സാധരണ പ്രവർത്തകൻ എന്ന നിലയിൽ തരൂരിന്റെ പ്രസ്താവയെ വിലയിരുത്താൻ ഇല്ലെന്നും മുരളീധരൻ പ്രതികരിച്ചു.

യു എസ്സിൽനിന്ന് 119 കുടിയേറ്റക്കാരെ ഇന്നും നാളെയുമായി എത്തിക്കും; വിമാനം അമൃത്സറിൽ ഇറക്കുന്നതിനെതിരേ മൻ

ന്യൂഡൽഹി: അനധികൃത കുടിയേറ്റക്കാരെന്ന് കണ്ടെത്തിയതിന് പിന്നാലെ അമേരിക്ക തിരിച്ചയക്കുന്ന 119 ഇന്ത്യക്കാരുമായുള്ള യു.എസ്. സൈനിക വിമാനങ്ങൾ ഇന്നും നാളെയുമായി ഇന്ത്യയിലെത്തും. പഞ്ചാബിലെ അമൃത്സറിലെ ഗുരു രാം ദാസ് അന്താരാഷ്ട്ര വിമാനത്താവളത്തിലാണ് സി.-17 സൈനിക വിമാനങ്ങൾ ലാൻഡ് ചെയ്യുക.

തിരിച്ചെത്തുന്നവരിൽ 67 പേർ പഞ്ചാബിൽനിന്നുള്ളവരാണ്. 33 പേർ ഹരിയാണയിൽ നിന്നും 8പേർ ഗുജറാത്തിൽനിന്നും ഉള്ളവരും 3പേർ യു.പി. സ്വദേശികളുമാണ്. രാജസ്ഥാനിൽനിന്നും മഹാരാഷ്ട്രയിൽ നിന്നും ഗോവയിൽനിന്നും 2പേർവീതവും ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ് സംസ്ഥാനങ്ങളിൽനിന്ന് ഒരാൾ വീതവുമാണ് തിരിച്ചെത്തുന്നത്.

ആദ്യത്തെ വിമാനം ഇന്ന് രാത്രി 10.5-നും രണ്ടാമത്തേത് നാളെ രാത്രി 10-നുമാണ് ലാൻഡ് ചെയ്യുകയെന്ന് ഉന്നതവൃത്തങ്ങളെ ഉദ്ധരിച്ച് ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ട് ചെയ്തു. മെക്സിക്കോയിലൂടെയും മറ്റ് മാർഗങ്ങളിലൂടെയും അനധികൃതമായി യു.എസിലേക്ക് കടന്നവരെയാണ് മടക്കി അയക്കുന്നത്. അനധികൃതമായി കുടിയേറിയെന്ന് കണ്ടെത്തിയ 104 പേരടങ്ങിയ ആദ്യ ഇന്ത്യൻ സംഘത്തെ യു.എസ്. സൈനിക വിമാനം കഴിഞ്ഞയാഴ്ച തിരിച്ചയച്ചിരുന്നു. ഇവരുമായെത്തിയ യു.എസ്. സൈനികവിമാനവും ഗുരു രാം ദാസ് അന്താരാഷ്ട്ര വിമാനത്താവളത്തിലായിരുന്നു ഇറങ്ങിയത്.

അതേസമയം, തിരിച്ചയക്കുന്നവരുമായെത്തുന്ന വിമാനങ്ങൾ പഞ്ചാബിൽ ഇറക്കുന്നതിനെതിരേ മുഖ്യമന്ത്രി ഭഗവന്ത് മൻ രംഗത്തെത്തി. പഞ്ചാബിനെ അപമാനിക്കാനാണ് കേന്ദ്രസർക്കാർ ശ്രമമെന്ന് അദ്ദേഹം ആരോപിച്ചു. അനധികൃത കുടിയേറ്റക്കാരുമായി എത്തിയ ആദ്യത്തെ വിമാനത്തിൽ ഹരിയാണയിൽനിന്നും ഗുജറാത്തിൽനിന്നുമുള്ള 33 പേരും പഞ്ചാബിൽനിന്നുള്ള 30 പേരും ഉണ്ടായിരുന്നു. എന്നാൽ, വിമാനം ഇറങ്ങിയത് അമൃത്സറിലാണ്. ഇപ്പോൾ രണ്ടാമത്തെ വിമാനവും ഇവിടെ ഇറങ്ങുന്നു. എന്തുകൊണ്ട്. എന്തിന്റെ അടിസ്ഥാനത്തിലാണ് അമൃത്സറിനെ തിരഞ്ഞെടുത്തത്? എന്തുകൊണ്ട് രാജ്യതലസ്ഥാനത്ത് ഇറക്കിയില്ല, മൻ ആരാഞ്ഞു.

പഞ്ചാബികൾ മാത്രമാണ് അനധികൃത കുടിയേറ്റം നടത്തുന്നതെന്ന് ചിത്രീകരിക്കാനുള്ള കരുതിക്കൂട്ടിയുള്ള ശ്രമമാണ് നടക്കുന്നതെന്നും മൻ ആരോപിച്ചു. വിശുദ്ധനഗരമായ അമൃത്സറിനെ ഡിപോർട്ടേഷൻ സെന്ററാക്കി കേന്ദ്രം മാറ്റിയെന്നും പഞ്ചാബ് മുഖ്യമന്ത്രി ആരോപിച്ചു.

'ദുഷിച്ചചെയ്തി, മാറിചിന്തിച്ചുകൂടേ'; ക്ഷേത്രങ്ങളിലെ ആന എഴുന്നള്ളിപ്പിനെതിരേ സ്വാമി ചിദാനന്ദപുരി

കോഴിക്കോട്: ക്ഷേത്രങ്ങളിലെ അശാസ്ത്രീയ ആനയെഴുന്നള്ളിപ്പിനെതിരെ സ്വാമി ചിദാനന്ദപുരി. ആനയിടഞ്ഞ് മനുഷ്യജീവനുകൾ ചവിട്ടിമെതിക്കപ്പെടുമ്പോഴെങ്കിലും മാറിചിന്തിച്ചൂടെയെന്ന് ചിദാനന്ദപുരി ചോദിച്ചു. ആശാസ്ത്രീയ ആനയെഴുന്നള്ളത്തിനെതിരേയും കരിമരുന്നു പ്രയോഗങ്ങളേയും കുറിച്ച് കഴിഞ്ഞ മൂന്ന രദശകങ്ങളായി താൻ സംസാരിച്ചുവരികയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അതിന്റെ പേരിൽ പലപ്പോഴും ആചാരവിരുദ്ധൻ എന്ന വിമർശനം കേൾക്കേണ്ടിവന്നിട്ടുണ്ടെന്നും അദ്ദേഹം ഫെയ്സ്ബുക്കിൽ കുറിച്ചു.

തന്നെ കോഴിക്കോട് വേങ്ങേരി സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ രക്ഷാധികാരിയായി നിയമിച്ചപ്പോൾ ആനയെഴുന്നള്ളിപ്പ് അവസാനിപ്പിക്കണെന്ന് അവരോട് പറഞ്ഞതായി സ്വാമി ചിദാനന്ദപുരി പറയുന്നു. ഇതേത്തുടർന്ന് ആനയെ മാറ്റി രഥത്തിൽ പ്രതിഷ്ഠയെ എഴുന്നള്ളിക്കാനാരംഭിച്ചുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ആരാധനാലയങ്ങളിലും രാഷ്ട്രീയവേദികളിലും ശബ്ദനിയന്ത്രണം കൊണ്ടുവരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അന്തരീക്ഷമലിനീകരണം വരുത്തുന്ന കരിമരുന്നുകളിൽനിന്ന് മതരാഷ്ട്രീയഭേദമില്ലാതെ ഏവരും വിട്ടുനിൽക്കട്ടെ. ഉത്സവങ്ങൾ രക്തചൊരിച്ചിലുകളുടെയും ആപത്തുകളുടെയും മരണങ്ങളുടെയും വേദിയാവാതെ ഭക്തിയുടെയും ശാസ്ത്രബോധത്തിന്റെയും ചൈതന്യവർദ്ധനവിന്റെയും വേദികളാവട്ടെയെന്നും അദ്ദേഹം കുറിച്ചു.

കേരള ഹൈക്കോടതിയുടെ പരിഗണനയിൽ നിലവിൽ 20,439 ക്രിമിനൽ അപ്പീലുകൾ

ന്യൂഡൽഹി: കേരള ഹൈക്കോടതിയുടെ പരിഗണനയിൽ നിലവിൽ 20,439 ക്രിമിനൽ അപ്പീലുകളാണ് ഉള്ളതെന്ന് സുപ്രീം കോടതിക്ക് റിപ്പോർട്ട്. ഇതിൽ ഒൻപതെണ്ണം കഴിഞ്ഞ നൂറ്റാണ്ടിൽ ഫയൽ ചെയ്തതാണെന്നും അമിക്കസ് ക്യൂറിമാർ സുപ്രീം കോടതിക്ക് കൈമാറിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. രാജ്യത്തെ 25 ഹൈക്കോടതികളുടെ പരിഗണനയിൽ 75,8510 ക്രിമിനൽ അപ്പീലുകൾ ഉണ്ടെന്നും അമിക്കസ് ക്യൂറിമാർ സുപ്രീം കോടതിക്ക് കൈമാറിയ റിപ്പോർട്ടിൽ വിശദീകരിക്കുന്നു.

ഹൈക്കോടതികളുടെ പരിഗണനയിൽ ഇരിക്കുന്ന ക്രിമിനൽ അപ്പീലുകളുടെ തൽസ്ഥിതി കണക്ക് എടുക്കുന്നതിന് സീനിയർ അഭിഭാഷകരായ ലിസ് മാത്യു, ഗൗരവ് അഗർവാൾ എന്നിവരെ സുപ്രീം കോടതി അമിക്കസ്ക്യൂറിമാരായി നിയമിച്ചിരുന്നു. ഇരുവരും സുപ്രീം കോടതിക്ക് കൈമാറിയ റിപ്പോർട്ടിൽ ആണ് കേരള ഹൈക്കോടതിയിൽ കഴിഞ്ഞ നൂറ്റാണ്ടിൽ ഫയൽ ചെയ്ത ഒൻപത് ക്രിമിനൽ അപ്പീലുകളിൽ ഇതുവരെയും തീരുമാനം ആയിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയിരിക്കുന്നത്.

1996-ൽ ഫയൽ ചെയ്ത ആറ് ക്രിമിനൽ അപ്പീലുകളിലും, 1998-ൽ ഫയൽ ചെയ്ത മൂന്നെണ്ണത്തിലുമാണ് ഇതുവരെയും തീരുമാനം ആകാത്തതെന്നാണ് റിപ്പോർട്ടിൽ വിശദീകരിച്ചിരിക്കുന്നത്. 2000-ൽ ഫയൽ ചെയ്ത രണ്ട് ക്രിമിനൽ അപ്പീലുകളിലും ഇതുവരെയും തീരുമാനം ആയിട്ടില്ല. 20-നും 30-നും വർഷത്തിനിടയിൽ ഫയൽ ചെയ്ത 27 ക്രിമിനൽ അപ്പീലുകൾ ഇപ്പോഴും കേരള ഹൈക്കോടതിയുടെ പരിഗണനയിൽ ആണെന്നും അമിക്കസ്ക്യൂറിമാർ സുപ്രീം കോടതിയെ അറിയിച്ചു.

രാജ്യത്ത് ഏറ്റവും അധികം ക്രിമിനൽ അപ്പീലുകൾ കെട്ടികിടക്കുന്ന ഹൈക്കോടതികൾ ഇവയാണ്. അലഹബാദ് ഹൈക്കോടതി (2,33,909), മധ്യപ്രദേശ് ഹൈക്കോടതി (1,15,357), പഞ്ചാബ് ആൻഡ് ഹരിയാണ ഹൈക്കോടതി (82,384), രാജസ്ഥാൻ ഹൈക്കോടതി (61,342), പട്ന ഹൈക്കോടതി (44,143). ഒരു ക്രിമിനൽ അപ്പീലും നിലവിൽ പരിഗണനയിൽ ഇല്ലാത്ത് ത്രിപുര ഹൈക്കോടതിയിൽ ആണ്. മദ്രാസ് ഹൈക്കോടതി (2), സിക്കിം ഹൈക്കോടതി (50), മേഘാലയ ഹൈക്കോടതി (76), മണിപ്പൂർ ഹൈക്കോടതി (1637) തുടങ്ങിയവയാണ് ഏറ്റവും കുറവ് ക്രിമിനൽ അപ്പീലുകൾ പരിഗണനയിൽ ഉള്ള ഹൈക്കോടതികൾ.

സമാധി വിവാദം; നെയ്യാറ്റിൻകര ഗോപന്റെ മുഖത്തും മൂക്കിലും തലയിലും ചതവ്; പോസ്റ്റ്മോർട്ടം റിപ്പോർട്ട്



തിരുഘനെയ്യാറ്റിൻകര ഗോപന്റെ മുഖത്തും മൂക്കിലും തലയിലുമായി നാലിടത്ത് ചതവുകളുണ്ടെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ലിവർ സിറോസിസും വൃക്കകളിൽ സിസ്റ്റുമടക്കം ഒട്ടേറെ അസുഖങ്ങൾ ഉണ്ടായിരുന്നുവെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. ഹൃദയധമനികളിൽ 75 ശതമാനത്തിലധികവും ബ്ലോക്കുണ്ട്. ശരീരത്തിലെ ചതവുകൾ മരണകാരണമായിട്ടില്ലെന്നാണ് റിപ്പോർട്ട് വ്യക്തമാക്കുന്നത്. രാസപരിശോധന ഫലം വന്നാൽ മാത്രമേ കൃത്യമായ മരണകാരണം സ്ഥിരീകരിക്കാനാകുകയുള്ളൂവെന്നും വിദഗ്ധർ പറയുന്നു.

തലയിൽ കരുവാളിച്ച പാടുകൾ കണ്ടതായി നേരത്തെ തന്നെ ഡോക്ടർമാർ അറിയിച്ചിരുന്നു. ശ്വാസകോശത്തിൽ ഭസ്മം നിറഞ്ഞതായി കണ്ടത് മക്കൾ സമാധി സ്ഥലത്തിരുത്തിയപ്പോൾ ഉള്ളിലായതാണെന്നും സംശയങ്ങൾ ഉയർന്നിരുന്നു. മരണത്തിൽ നാട്ടുകാർ ദുരൂഹത ഉന്നയിച്ചതോടെയാണ് മക്കൾ സ്ഥാപിച്ച സമാധിക്കല്ലറ പൊളിച്ച് മൃതദേഹം പുറത്തെടുത്ത് പോസ്റ്റ്മോർട്ടം ചെയ്തത്. നെഞ്ചുവരെ കർപ്പൂരവും ഭസ്മവും സുഗന്ധദ്രവ്യങ്ങൾ കൊണ്ട് മൂടിയ ശേഷം മുഖത്തും തലയിലും കളഭം ചാർത്തിയാണ് മക്കൾ ഗോപനെ കല്ലറയിൽ ഇരുത്തിയത്.

ജനുവരി ഒൻപതിന് 'സ്വർഗവാതിൽ' ഏകാദശി ദിവസം പിതാവിന്റെ ആഗ്രഹപ്രകാരമാണ് സമാധിയിരുത്തിയതെന്നായിരുന്നു മക്കളുടെ വെളിപ്പെടുത്തൽ. ഇതോടെ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. പിന്നാലെ വൻവിവാദവും തലപൊക്കി. കുടുംബം ഹൈക്കോടതിയെ സമീപിച്ചിരുന്നു. സമാധിയുമായി ബന്ധപ്പെട്ട് 41 ദിവസത്തെ പൂജകളുണ്ടെന്നും കല്ലറ പൊളിക്കാൻ അനുവദിക്കരുതെന്നുമായിരുന്നു കുടുംബത്തിന്റെ ആവശ്യം. ഇത് കോടതി തള്ളിയതോടെയാണ് കല്ലറ തുറന്ന് മൃതദേഹം പുറത്തെടുത്തത്.

അതിനിടെ നെയ്യാറ്റിൻകര ഗോപന്റെ പേരിൽ വലിയ ക്ഷേത്രം പണിത് ഉൽസവം നടത്തുമെന്ന് മകൻ മാധ്യമങ്ങളോട് വെളിപ്പെടുത്തിയിരുന്നു. വിശ്വാസികൾ എത്തുന്നുണ്ടെന്നും നിലവിൽ രണ്ടുനേരം മുടങ്ങാതെ പൂജ നടക്കുന്നുണ്ടെന്നും അത്താഴ പൂജയുമുണ്ടെന്നും പൂജയ്ക്ക് നേതൃത്വം നൽകുന്ന മകൻ രാജസേനൻ വിശദീകരിച്ചിരുന്നു.

പോലീസിനെ കറക്കി ക്യാഷ് കൗണ്ടറിലെ 8 സെക്കൻഡ്; കടന്നത് സിസിടിവികൾ വെട്ടിച്ച്, കബളിപ്പിക്കാൻ ദിശമാറി യാത്ര

തൃശ്ശൂർ: ചാലക്കുടി പോട്ട ഫെഡറൽ ബാങ്കിലെ കവർച്ചാ കേസിൽ വഴിത്തിരിവ്. പ്രതി രക്ഷപ്പെട്ട് തൃശ്ശൂർ ഭാഗത്തേക്കാണെന്ന് സൂചന ലഭിച്ചു. സി.സി.ടി.വി. പരിശോധനയിലാണ് ഇക്കാര്യം വ്യക്തമായത്. പ്രതി പോലീസിനെ കബളിപ്പിക്കാൻ ആദ്യം അങ്കമാലി ദിശയിലേക്ക് പോയെന്നും പിന്നീട് തൃശ്ശൂർ ഭാഗത്തേക്ക് വരികയായിരുന്നുമെന്നാണ് നിഗമനം. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകൾ കേന്ദ്രീകരിച്ച് അന്വേഷണം നടത്തിവരികയാണ് പോലീസ്.

20-ലേറെ പോലീസ് ഉദ്യോഗസ്ഥർ അടങ്ങുന്ന സംഘം കഴിഞ്ഞ രാത്രി മുഴുവൻ സി. സി. ടി.വി. ദൃശ്യങ്ങൾ ശേഖരിച്ച് വിശകലനം ചെയ്തുവരികയായിരുന്നു. ഇതിൽനിന്നാണ് പോലീസിനെ കബളിപ്പിക്കാൻ പ്രതി ശ്രമിച്ചുവെന്ന സൂചന നൽകുന്ന വിവരം ലഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ അതിർത്തികളിലടക്കം നിരീക്ഷണം ശക്തമാക്കി. നേരത്തെ നടത്തിയ തിരച്ചിലുകളിൽ പ്രതിയെ കണ്ടെത്താൻ സാധിച്ചിരുന്നില്ല.

പ്രതി സംസ്ഥാനം വിട്ടിട്ടുണ്ടാവാമെന്ന സംശയവും പോലീസ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

വഖഫ് ഭേദഗതി ബിൽ കത്തിച്ച് എസ്ഡിപിഐ പ്രതിഷേധിച്ചു

തൃശ്ശൂർ: ഭരണഘടനാ വിരുദ്ധമായ വഖഫ് ഭേദഗതി ബിൽ രാജ്യ വ്യാപകമായി എസ്. ഡി.പി.ഐ കത്തിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലാ കമ്മിറ്റി തൃശ്ശൂർ കോർപ്പറേഷനു മുമ്പിൽ ബില്ല് കത്തിച്ചു.

ജില്ല പ്രസിഡണ്ട് കെ.വി. അബ്ദുൾ നാസർ ഉദ്ഘാടനം ചെയ്തു.ജില്ലാ വൈസ് പ്രസിഡണ്ട് ബി.കെ. ഹുസൈൻ തങ്ങൾ, ജില്ലാ ജനറൽ സെക്രട്ടറിമാരായ ടി.എം അക്ബർ, ഇ. എം ലത്തീഫ്,ജില്ലാ സെക്രട്ടറിമാരായ എ.എം മുഹമ്മദ് റിയാസ്, റഫീന സൈനുദ്ധീൻ ജില്ലാ കമ്മിറ്റിയംഗങ്ങളായ എ.കെ.മനാഫ്, റഫി താഴത്തേതിൽ എന്നിവർ നേതൃത്വം നൽകി.

ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോ. സമ്മേളനവും എക്സ്പോയും തുടങ്ങി

തശൂർ: കേരള ഹോട്ടൽ ആൻഡ് റസ്റ്റാറന്റ് അസോസിയേഷന്റെ മൂന്നു ദിവസം നീളുന്ന സംസ്ഥാന സമ്മേളനത്തിനു തൃശൂരിൽ പ്രൗഢോജ്വല തുടക്കമായി. സമ്മേളനത്തോടനുബന്ധിച്ചുള്ള ഹോട്ടൽ എക്സ്പോ പി. ബാലചന്ദ്രൻ എം. എൽ.എ. ഉദ്ഘാടനം ചെയ്തു. പ്രതിനിധി സമ്മേളനം ടി.എസ്. പട്ടാഭിരാമൻ ഉദ്ഘാടനം ചെയ്തു.

സമ്മേളനത്തിനു തുടക്കം കുറിച്ചുകൊണ്ടു പതാക ഉയർത്തിയ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ജനറൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വിവിധ സമ്മേളനങ്ങളിലായി ഉപദേശക സമിതി ചെയർമാൻ മൊയ്തീൻകുട്ടി ഹാജി, വർക്കിംഗ് പ്രസിഡന്റ് സി. ബിജുലാൽ എന്നിവർ അധ്യക്ഷത വഹിച്ചു.

നൂറ്റമ്പതോളം സ്റ്റാളുകളുള്ള എക്സ്പോയിൽ ഹോട്ടൽ, റസ്റ്റോറന്റ്, കാറ്ററിംഗ് മേഖലയിലുള്ള സ്ഥാപനങ്ങൾക്കു പ്രയോജനകരമായ ആധുനിക ഉപകരണങ്ങളാണുള്ളത്. പ്രദർശനം പൊതുജനങ്ങൾക്കും കാണാം. അമ്പതിനായിരം അംഗങ്ങളുള്ള സംഘടനയിലെ പതിനയ്യായിരത്തോളം പേർ സമ്മേളനത്തിന്റെ വിവിധ സെഷനുകളിലായി പങ്കെടുക്കും.

എക്സ്പോ കമ്മിറ്റി ചെയർമാൻ അസീസ്, സംസ്ഥാന സെക്രട്ടറി ഉണ്ണികൃഷ്ണൻ ഈച്ചരത്ത്, സംസ്ഥാന വൈസ് പ്രസിഡന്റ് പി.പി. അബ്ദുറഹ്മാൻ, തൃശൂർ ജില്ലാ പ്രസിഡന്റ് അമ്പാടി ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

ജനറൽ കൗൺസിൽ യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി. ബാലകൃഷ്ണ പൊതുവാൾ, വർക്കിംഗ് പ്രസിഡന്റ് പ്രസാദ് ആനന്ദഭവൻ, വൈസ് പ്രസിഡന്റുമാരായ ബി. വിജയകുമാർ, കെ.എം. രാജ, എൻ. സുഗുണൻ, വി.ടി. ഹരിഹരൻ, ടി.എസ്. ബാഹുലേയൻ, സെക്രട്ടറിമാരായ വി. വീരഭദ്രൻ, റോയ് ജെ., സ്കറിയ, മുഹമ്മദ് ഗസാലി, സിൽഹാദ്, അനീഷ് ബി നായർ, ഷിനാജ് റഹ്മാൻ, അബ്ദുൾ സമദ്, മുഹമ്മദ് ഷാജി, സെക്രട്ടറിയേറ്റ് അംഗം സുശീല, ട്രഷറർ മുഹമ്മദ് ഷെരീഫ് എന്നിവർ സംസാരിച്ചു.

ശനിയാഴ്ച രാവിലെ ഒമ്പതിനു സമ്മാന കൂപ്പൺ നറുക്കെടുപ്പു നടക്കും. രാവിലെ പത്തിനു ബിസിനസ് മീറ്റ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്കു രണ്ടരയ്ക്കു 'ഹോട്ടലുകളും ഭക്ഷ്യസുരക്ഷയും' സെമിനാർ നടക്കും. നാലരയ്ക്കു പൊതുസമ്മേളനം റവന്യൂ മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും.

ഇടവിള കിറ്റ്

തൃശൂർ: ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ ഇടവിള കിറ്റുകൾ വിതരണം ചെയ്തു. 2024 – 25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇടവിള കിറ്റുകൾ വിതരണം ചെയ്തത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദിൽനധനേഷ് വിതരണോദ്ഘാടനം നിർവ്വഹിച്ചു. മുല്ലശ്ശേരി കൃഷിഭവൻ ഓഫീസ് പരിസരത്ത് നടന്ന പരിപാടിയിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.പി ആലി അധ്യക്ഷതവഹിച്ചു. ജനകീയാസൂത്രണം പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വകയിരുത്തി 500 കിറ്റുകളാണ് വിതരണം ചെയ്തത്. ചേമ്പ്, ചേന, കാച്ചിൽ, ഇഞ്ചി തുടങ്ങി അഞ്ച് ഇനം കിഴങ്ങ് വർഗ്ഗങ്ങൾ അടങ്ങുന്നതാണ് കിറ്റുകൾ.

പാറമേക്കാവിന്റെ കിഴക്ക് വീട്ടിൽ പുരസ്കാരം സമ്മാനിച്ചു

തൃശൂർ: പാറമേക്കാവ് ക്ഷേത്രം നടപ്പുരയിൽ ചേർന്ന അനുസ്മരണ സമ്മേളനത്തിൽ വച്ച് കിഴക്കു വീട്ടിൽ ബാലകൃഷ്ണ മേനോൻ സ്മാരക പുരസ്കാരം മുൻ ശബരിമല മേൽശാന്തി പുത്തില്ലത്ത് മഹേഷ് നമ്പൂതിരിക്ക് സമർപ്പിച്ചു.

10001 രൂപയും ഫലകവുമാണ് പുരസ്കാരം ക്ഷേത്രം തന്ത്രി പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരിപ്പാടാണ് പുരസ്കാര സമർപ്പണം നടത്തിയത്. കരകന്നൂർ വാസുദേവൻ നമ്പൂതിരി പുരസ്കാരം ജേതാവിനെ പരിചയപ്പെടുത്തി ആദരിച്ചു. ഭരണസമിതി അംഗം രവീന്ദ്രനാഥ് ആശംസ പ്രസംഗം നടത്തി.

അസി. സെക്രട്ടറി പി വി നന്ദകുമാർ സ്വാഗതം പറഞ്ഞ യോഗത്തിൽ പ്രസിഡന്റ് ഡോ. എം ബാലഗോപാൽ അധ്യക്ഷത വഹിച്ചു. ഭരണസമിതി അംഗം കെ രവീന്ദ്രനാഥ് നന്ദി പറഞ്ഞു. ദേവസ്വം മുൻ പ്രസിഡന്റ് കെ സതീഷ് മേനോൻ, ഭരണസമിതി അംഗങ്ങൾ, ദേശക്കാർ തുടങ്ങിയവർ സംബന്ധിച്ചു.

ജനതാദൾ (എസ്) ടൗണിൽ പ്രകടനം നടത്തി

തൃശൂർ: ജനതാദൾ (എസ്) തൃശ്ശൂർ ജില്ല കമ്മറ്റി ടൗണിൽ പ്രകടനം നടത്തി. പ്രകടനം ജില്ല പ്രസിഡന്റ് അഡ്വ സി. ടി ജോഫി ഉദ്ഘാടനം ചെയ്തു. വന്യമൃഗങ്ങൾ കാടിറങ്ങുന്നത് പഠിക്കുന്നതിനും തടയുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ വക്കാൻ ഹൈക്കോടതിയിൽ സിറ്റിം ജഡ്ജ് അധ്യക്ഷനായ സമിതി നിയോഗിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

സംസ്ഥാന കമ്മറ്റി അംഗങ്ങളായ ജോൺ വാഴപ്പിള്ളി, രാഘവൻ മുളങ്ങാടൻ, പ്രീജു ആന്റണി, റഹിം പള്ളത്ത്,ഷണ്മുഖൻ വടക്കുംപറമ്പിൽ, ജോസ് താണിക്കൽ,എം.മോഹൻദാസ്,രാജൻ ഐനിക്കുന്ന്, നാരായണൻ നമ്പൂതിരി,പി. എം ഉമേഷ്കെ. എച്ച് ഷക്കീല, ബാബു മാളിയേക്കൽ, കെ. രഞ്ജിത്ത്, ശ്യാമള,എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

പൗരന്മാരുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്ന തരത്തിൽ വന നിയമങ്ങൾ ഭേദഗതി ചെയ്യുക., വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നും സംരക്ഷണം നൽകുക., വന്യ മൃഗങ്ങളുടെ ആക്രമണം മൂലം കൊല്ലപ്പെട്ടവർക്കും, പരിക്കുപറ്റിയവർക്കും കർഷകർക്കുണ്ടായ കൃഷി നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പ്രകടനം.

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP (MV) 1158/2022

Boby R.

-Petitioner

Rajan C.G., S/o. Gopalan, Chozhiyattil House, Thiruthiparambu P.O., Mundathicode, Thrissur

-Respondent No. 2

മേൽ നമ്പർ കേസിൽ 2-ാം എതൃകക്ഷിക്കുള്ളനോട്ടീസ് പതിച്ചുനടത്തു ന്നതിന് കല്പിച്ച് **10-09-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-02-2025

ഹരജിഭാഗം അഡ്വക്കെറ്റ്

പി കെ ജോൺ (ഒപ്പ്)

ചിട്ടിക്ക് ജി.എസ്.ടി.പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് മാർച്ചും ധർണ്ണയും

തൃശൂർ: ചിട്ടിക്ക് വിവോചനപൂർവ്വം ഏർപ്പെടുത്തിയ ജി.എസ്.ടി.ഒഴിവാക്കണമെന്നാവശ്യപ്പെട്ട് അഖിലേന്ത്യ വ്യാപകമായി നടക്കുന്ന പ്രക്ഷോഭണത്തിന്റെ ഭാഗമായി ഓൾ കേരള ചിട്ടി ഫോർമെൻസ് അസോസിയേഷൻ ശക്തൻ നഗറിലെ ജി.എസ്.ടി. ഓഫീസിലേക്ക് മാർച്ചും ധർണ്ണയും നടത്തി.

സമ്പാദ്യവും വായ്പയും സംയോജിതമാണ് ചിട്ടി. ബാങ്കുകളുടേയും ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങളുടേയും പ്രസ്തുത പ്രവർത്തനങ്ങൾക്ക് ജി.എസ്.ടി. ബാധകമല്ല. പരമ്പരാഗത ചിട്ടി വ്യവസായം ഇടത്തരക്കാർക്കും സാധാരണക്കാർക്കും സാമ്പത്തിക ശാക്തീകരണത്തിൽ വഹിക്കുന്ന പങ്ക് ജി.എസ്.ടി. കൗൺസിലിനെ ബോധ്യപ്പെടുത്തി ചിട്ടിയെ ജി.എസ്.ടിയിൽ നിന്ന് ഒഴിവാക്കാൻ സംസ്ഥാന ധനമന്ത്രി കെ.എം.ബാലഗോപാൽ ജി.എസ്.ടി. കൗൺസിലിൽ ശ്രമിക്കാത്തതിൽ പ്രതിഷേധിച്ചായിരുന്നു മാർച്ചും ധർണയും.

അസോസിയേഷൻ ചെയർമാൻ ഡേവിഡ് കണ്ണനായ്ക്കൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി വി.ടി.ജോർജ്ജ് അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻമാരായ ബേബി മൂക്കൻ, അഡ്വ.രജിത് ഡേവിസ് ആറ്റത്തറ, ട്രഷറർ സി.എൽ.ഇഗ്നേഷ്യസ്, ഓർഗനൈസിംഗ് സെക്രട്ടറി കെ.വി.ശിവകുമാർ, സെക്രട്ടറി വർഗ്ഗീസ് ജോസ്. ടി., ബാബു ആളൂർ, എൻ.എ.ജോജു, സി.കെ.അപ്പുമോൻ, എ.ടി.ഫ്രാൻസിസ്, രക്ഷാധികാരി ടി.വി.പോൾ പ്രസംഗിച്ചു.

ചിട്ടിക്ക് വിവോചനപൂർവ്വം ഏർപ്പെടുത്തിയ ജി.എസ്.ടി. ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഓൾ കേരള ചിട്ടി ഫോർമെൻസ് അസോസിയേഷൻ ജി.എസ്ടി. ഓഫീസിലേക്ക് നടത്തിയ മാർച്ചിനെ തുടർന്നുള്ള ധർണ അസോസിയേഷൻ ചെയർമാൻ ഡേവിഡ് കണ്ണനായ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു

പുൽവാമ ദുരന്തത്തിന്റെ ഓർമ്മയിൽ അമർജവാനിൽ പുഷ്പചക്രം സമർപ്പിച്ച് എൻ സി സി യൂണിറ്റ്

ഇരിങ്ങാലക്കുട: രാജ്യം പുൽവാമ ദുരന്തത്തിന്റെ ഓർമ്മയിൽ ബ്ലാക്ക് ഡേ ആചരിക്കുമ്പോൾ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിലെ എൻ സി സി യൂണിറ്റിന്റെ നേതൃത്വത്തിൽ കലാലയത്തിലെ അമർജവാനിൽ പുഷ്പചക്രം സമർപ്പിച്ചു പ്രാർത്ഥന നടത്തി. ഐഎസ്ആർഒ സയൻറിസ്റ്റും ADRIN ഡയറക്ടറും ചീഫ് ഓഫ് ആർമി സ്റ്റാഫ് കമന്റേഷൻ ജേതാവുമായ ഡോ. പി വി രാധാദേവി റീത്ത് സമർപ്പിച്ചു. ഹോളി ഫാമിലി കോൺഗ്രിഗേഷൻ മദർ സുപ്പീരിയറും മുൻ പ്രിൻസിപ്പലുമായ ഡോ. സിസ്റ്റർ ആനി കുര്യാക്കോസ്, വൈസ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ എലൈസ എന്നിവർ പുഷ്പാർച്ചന നടത്തി പ്രാർത്ഥിച്ചു. ഇവിടെ അമർജവാനിൽ പ്രത്യേകം ഓർമ്മയായി നിലകൊള്ളുന്ന പുൽവാമ ദുരന്തത്തിലെ രക്തസാക്ഷികളായ ഹെഡ് കോൺസ്റ്റബിൾമാരായ പി കെ ഷാഹു, ഹേമരാജ് മീണ, കോൺസ്റ്റബിൾ രമേഷ് യാദവ് എന്നിവരുടെ പേരിലുള്ള മരങ്ങൾ ഈ അമർജവാനിൽ പടർന്നു പന്തലിക്കുന്നുണ്ട്.

ക്യാപ്റ്റൻ ലിറ്റി ചാക്കോ, അണ്ടർ ഓഫീസർമാരായ അന്ന കുര്യൻ, ആഗ്നസ് വിത്സൻ എന്നിവർ നേതൃത്വം നൽകി.

പുതൂർക്കര ദേശീയ വായനശാലയിൽ കഥാതല്പത്തിന്റെ സഹകരണത്തോടെ നടന്ന 'എം ടി അനുസ്മരണ സെമിനാറിൽ' ചെറുകഥാകൃത്ത് അശോകൻ ചെരുവിൽ മുഖ്യപ്രഭാഷണം നടത്തുന്നു

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

തൃശൂർ :ആരോഗ്യ, ബാല സൗഹൃദ പദ്ധതികളുടെ ഭാഗമായി വികസന സെമിനാർ സംഘടിപ്പിച്ച് തിരുവില്വാമല ഗ്രാമ പഞ്ചായത്ത്. 2025-26 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നടത്തിയ വികസന സെമിനാർ ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ദീപ എസ്. നായർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട 740 ഓളം വരുന്ന മുഴുവൻ പേർക്കും ഭവന പദ്ധതിക്ക് ആവശ്യമായ ഫണ്ട് ഈ വർഷത്തെ പദ്ധതിയിൽ അനുവദിക്കുമെന്ന് സെമിനാറിന് അധ്യക്ഷത വഹിച്ച ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. പത്മജ പറഞ്ഞു.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

EP: 1835/2023, OS : 2640/2012

അഡ്മണ്ട് കുറീസ് & ലോൺസ് പ്രൈവറ്റ് ലിമിറ്റഡ് ചേലൂർ എന്ന സ്ഥാപനത്തിനുവേണ്ടി മാനേജർ

-വിധി ഉടമ

റോസി W/o. അബ്രഹാം, ചക്കാലക്കൽ ഹൗസ്, അരിപ്പാലം ദേശം, പൂമംഗലം വില്ലേജ്, മുകുന്ദപുരം താലൂക്ക്

-3-ാം വിധി കടക്കാരി

മേൽ നമ്പറിലെ വിധി പ്രകാരം കിട്ടേണ്ട മുതൽപലിശ സംഖ്യക്കും മറ്റുമായി ബോധിപ്പിച്ച (3-ാം വിധി കടക്കാരി വക വഹകൾ ലേലം വിൽക്കാൻ) വിധി നടത്തു ഹരജി കാര്യത്തിൽ 3-ാം വിധി കടക്കാരിയെ R22 & R66 നോട്ടീസ് കാര്യത്തിൽ അറിയിക്കുന്നത്:

മേൽ നമ്പർ കേസ് **27-03-2025** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതിയിൽ നിങ്ങളോ നിയമപ്രകാരം അധികാരപ്പെടുത്തിയ ഏജന്റ് മുഖാന്തിരമോ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പറിൽ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-02-2025

വിധി ഉടമ ഭാഗം അഡ്വക്കെറ്റ്

രാജേഷ് തമ്പാൻ (ഒപ്പ്)

ആൾ കേരള ഫിഷ് മാർച്ചന്റ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെയും സമരപ്രഖ്യാപനത്തിന്റെയും പതാക ദിനാചരണം തൃശൂർ ശക്തൻ മൽസ്യമാർക്കറ്റിൽ സംസ്ഥാന പ്രസിഡന്റ് സി.എം ഷാഫി ഉദ്ഘാടനം ചെയ്യുന്നു.

ഫിഷ് മാർച്ചന്റ് സംസ്ഥാന സമ്മേളനവും സമരപ്രഖ്യാപനവും 23ന്

തൃശൂർ: ആൾ കേരള ഫിഷ് മാർച്ചന്റ് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിന്റെയും സമരപ്രഖ്യാപനത്തിന്റെയും പതാക ദിനം ആചരിച്ചു. തൃശൂരിൽ പ്രസിഡന്റ് സി.എം ഷാഫി പതാക ഉയർത്തി. സംസ്ഥാന സമ്മേളന സംഘാടക സമിതി ചെയർമാൻ പി.എ ഹസൻ സംസ്ഥാന ജനറൽ സെക്രട്ടറി വി.വി അനിൽ, സംസ്ഥാന ജോയിന്റ് സെക്രട്ടറിയും തൃശൂർ ജില്ല പ്രസിഡന്റുമായ പി.എച്ച് റഹീം, തൃശൂർ ജില്ല സെക്രട്ടറി എ.വി യൂജിൻ, എൻ.എ ജലീൽ, ജില്ലാ കമ്മിറ്റി അംഗം എം.കെ ആന്റണി എന്നിവർ പങ്കെടുത്തു. 23ന് തൃശൂരിലാണ് സംസ്ഥാന സമ്മേളനവും സമരപ്രഖ്യാപനവും. കാൽഡിയൻ സെന്ററിൽ രാവിലെ 10ന് റവന്യൂ മന്ത്രി കെ രാജൻ ഉദ്ഘാടനം നിർവഹിക്കും. തൃശൂർ കോർപ്പറേഷൻ മേയർ എം.കെ വർഗീസ്, എം.എൽ.എമാരായ എൻ.കെ.അക്ബർ, ടി.ജെ.സനീഷ് കുമാർ ജോസഫ്, എ.കെ.എം അഷ്റഫ്, തൃശൂർ ജില്ലാ പഞ്ചായത്ത് അംഗം മുഹമ്മദ് ഗസാലി വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവരും സമ്മേളനത്തിൽ പങ്കെടുക്കും. സംസ്ഥാനത്തിനകത്തും അയൽ സംസ്ഥാനങ്ങളിൽ നിന്നും കടലിൽ നിന്നും കൊണ്ടുവരുന്ന മത്സ്യം അത് ഹാർബറുകളിൽ നിന്നും വിലകൊടുത്ത് വാങ്ങുകയും മാർക്കറ്റുകളിൽ വിൽപ്പന നടത്തുകയും കൂടാതെ ഫിഷ് മില്ലിലേക്കും എക്സ്പോർട്ടിങ്ങിലേക്കും മത്സ്യ വിതരണവും കച്ചവടവും ചെയ്യുന്ന മൊത്ത മത്സ്യകച്ചവടക്കാരുടെ ഏക സ്വതന്ത്ര സംഘടനയാണ് ആൾ കേരള ഫിഷ് മർച്ചന്റ് അസോസിയേഷൻ. സർക്കാരുകൾ ഈ വിഭാഗത്തെ അവഗണിക്കുകയാണ്. ഒടുവിലത്തെ ബജറ്റിൽപോലും ഈ വിഭാഗത്തെ അവഗണിച്ചു. ജനങ്ങളുടെ തീൻമേശകളിലേയ്ക്ക് നല്ല മത്സ്യം എത്തിക്കുന്ന മൽസ്യവ്യാപാരി മേഖലയെ അവഗണിക്കുന്നതിനെതിരെ ശക്തമായ പ്രക്ഷോഭത്തിലേക്ക് ഇറങ്ങുവാൻ സംഘടന നിർബന്ധിതമായിരിക്കുന്നു.

സമ്മേളനം സമരപ്രഖ്യാപന കൺവെൻഷൻ കൂടിയാവുമെന്ന് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് സി.എം. ഷാഫി പറഞ്ഞു. സർക്കാരിന്റെ അവഗണയിൽ പ്രതിഷേധിച്ച് മൂന്ന് മേഖല റാലികളും സെക്രട്ടേറിയറ്റ് മാർച്ചും തുടർ പ്രക്ഷോഭങ്ങളായി നടത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു.

നഴ്സിംഗ് വിദ്യാർത്ഥിനികളുടെ ലാംപ് ലൈറ്റിങ്

ഇരിങ്ങാലക്കുട സഹകരണ ആശുപത്രിയുടെ 22 -ആം ബാച്ച് നഴ്സിംഗ് വിദ്യാർത്ഥിനികളുടെ ലാംപ് ലൈറ്റിങ് പ്രോഗ്രാം ഹോസ്പിറ്റൽ അങ്കണത്തിൽ വെച്ച് നടത്തി.

നഴ്സിംഗ് വിദ്യാർത്ഥിനികളുടെ പ്രാർത്ഥനയോട് കൂടി ആരംഭിച്ച ചടങ്ങിൽ നഴ്സിംഗ് ട്യൂറ്റർ സംഗീത ആന്റോ സ്വാഗതം ആശംസിച്ചു. സഹകരണ ആശുപത്രി വൈസ് പ്രസിഡന്റ് ഇ ബാലഗംഗാധരൻ അധ്യക്ഷ പദം അലങ്കരിച്ചു. ഇരിഞ്ഞാലക്കുട നഗരസഭ അധ്യക്ഷ മേരിക്കുട്ടി ജോയ് ഭദ്രദീപം കൊളുത്തി ഉദ്ഘാടന കർമ്മം നിർവഹിച്ചു.

സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഇൻ ചാർജ് ജിന്നി ജോയ് റിപ്പോർട്ട് അവതരിപ്പിച്ചു. മേരിക്കുട്ടി ജോയ്, ജിന്നി ജോയ്, നഴ്സ് മാനേജർ മിനി ജോസഫ് എന്നിവർ കുട്ടികൾക്ക് തിരികൾ തെളിയിച്ചു കൊടുത്തു. നഴ്സ് മാനേജർ കുട്ടികൾക്ക് പ്രതിജ്ഞ ചൊല്ലികൊടുത്തു.

ഡയറക്ടർ എ. സി സുരേഷ്,മെഡിക്കൽ സൂപ്രണ്ട് ഡോക്ടർ നദാനിയിൽ തോമസ്, ജനറൽ മാനേജർ ജയറാം കെ, ഡെപ്യൂട്ടി നഴ്സിംഗ് മാനേജർ സിജി വി. ഒ,അസിസ്റ്റന്റ് മാനേജർ ജി മധു തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. നഴ്സിംഗ് ട്യൂട്ടർഅമ്പിളി സി നായർ നന്ദി പ്രകാശിപ്പിച്ചു.